# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.12.2025**

### പ്രധാനവാർത്തകൾ

1. ആണവോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ ലോക്സഭ പാസാക്കി. രാജ്യസഭയിൽ ഇൻഷുറൻസ് ഭേദഗതി ബില്ലിൻ മേൽ ചർച്ച തുടരുന്നു.

2. ബാർക് റേറ്റിംഗിൽ മലയാള ടെലിവിഷൻ ചാനൽ തിരിമറി നടത്തിയെന്ന ആരോപണങ്ങളിൽ റിപ്പോർട്ട് തേടി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം.

3. സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തദ്ദേശ തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് വാർഡുകളിലേക്കുള്ള പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് ജനുവരി 12 ന്.

4. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിൻറെ ഭാഗമായി വീടുതോറുമുള്ള വിവര ശേഖരണം നാളെ അവസാനിക്കും.

5. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ പ്രീ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം.

6. കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ആറാം ദിനത്തിൽ പ്രേക്ഷക ശ്രദ്ധ നേടി 72 ചിത്രങ്ങൾ.

********************

PNU TVPM

## പാർലമെൻറ്

ആണവോർജ്ജ വിനിയോഗ ബിൽ 2025 ലോക്സഭ പാസാക്കി. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആണവോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ് ബില്ലിൻറെ ലക്ഷ്യം. 2047 ഓടെ 100 ജിഗാ വാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്നതാണ് ലക്ഷ്യമെന്ന് ബിൽ അവതരിപ്പിച്ച് കൊണ്ട് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. റോസ്ഗാർ ആജീവിക മിഷൻ ബിൽ ലോക്സഭ ഇപ്പോൾ ചർച്ച ചെയ്യുകയാണ്. അതെസമയം, രാജ്യസഭയിൽ സബ്ക ബീമാ സബ്കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബില്ലിൻ മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ മറുപടി നൽകി.

********************

## ടെലിവിഷൻ റേറ്റിംഗ്

ടെലിവിഷൻ ചാനൽ റേറ്റിംഗിൽ തിരിമറി നടത്തിയെന്ന ആരോപണങ്ങളിൽ റിപ്പോർട്ട് തേടി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. ഒരു മലയാള ടെലിവിഷൻ ചാനൽ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിലിലെ ഉദ്യോഗസ്ഥന് കൈക്കൂലി നൽകി റേറ്റിംഗിൽ തിരിമറി നടത്തിയെന്ന റിപ്പോർട്ടുകൾ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ ലോക്സഭയിൽ പറഞ്ഞു. എഫ്ഐആറിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക റിപ്പോർട്ട് കേരളാ ഡിജിപിയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

********************

## പിഎം.-എത്യോപ്യ

എത്യോപ്യൻ സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം ഒമാനിൽ എത്തും. പ്രധാനമന്ത്രിയെ സ്വാഗതം ചെയ്യാൻ ഇന്ത്യൻ സമൂഹം വൻ സ്വീകരണമാണ് ഒരുക്കിയിരിക്കുന്നത്. ഇന്ത്യ-ഒമാൻ നയതന്ത്ര

RNUTVPM

ബന്ധത്തിൻറെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ശ്രീ നരേന്ദ്ര മോദിയുടെ സന്ദർശനം.

********************

## തദ്ദേശ തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ജനുവരി 12 നാണ് വോട്ടെടുപ്പ്. പുതുതായി പത്രിക സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് ഈ മാസം 24 വരെ അവസരമുണ്ട്. സൂക്ഷ്മ പരിശോധന 26-ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തിയതി ഡിസംബർ 29 ആണ്. ജനുവരി 13 നാണ് വോട്ടെണ്ണൽ. മലപ്പുറം പായിംപാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്. മൂത്തേടം, പാമ്പാക്കുട ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും വിഴിഞ്ഞം വാർഡിൽ മാത്രമായും മാതൃകാപെരുമാറ്റചട്ടം നിലനിൽക്കും.

RNU TVPM

********************

## തീവ്ര വോട്ടർപട്ടിക (ഇൻട്രോ)

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിൻറെ ഭാഗമായി വീടു തോറുമുള്ള വിവര ശേഖരണം നാളെ അവസാനിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

********************

## കൊല്ലം-എസ്ഐആർ -കളക്ടർ

കൊല്ലം ജില്ലയിൽ എന്യുമറേഷൻ ഫോം വിതരണവും ഡിജിറ്റൈസേഷനും 100 ശതമാനം പൂർത്തിയായതായി ജില്ലാ

കളക്ടർ എൻ. ദേവിദാസ്. ഒരു ലക്ഷത്തി 67,000 ത്തിലേറെ പേരെ കണ്ടെത്താൻ കഴിയാത്തവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 23 ന് കരട് പ്രസിദ്ധീകരിക്കുമെന്നും കളക്ടർ അറിയിച്ചു.

********************

## എന്യൂമറേഷൻ ഫോം-പാലക്കാട്

പാലക്കാട് ജില്ലയിലെ 92 ശതമാനം വോട്ടർമാരെയും 2002-ലെ വോട്ടർപട്ടികയുമായി മാപ്പ് ചെയ്തുകഴിഞ്ഞതായി ജില്ലാ കളക്ടർ. എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ ജില്ലയിൽ 100 ശതമാനം പൂർത്തിയാക്കിയതായും കളക്ടർ അറിയിച്ചു.

********************

## മന്ത്രിസഭാ യോഗ തീരുമാനങ്ങൾ

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ പ്രീ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം. ടീച്ചർക്ക് 13,000 രൂപയായും, ആയ, ഹെൽപ്പർമാർക്ക് 9,000 രൂപയായുമാണ് പ്രതിമാസ ഓണറേറിയം വർധിപ്പിച്ചത്. മലബാർ കാൻസർ സെൻററിലെ ജീവനക്കാർക്ക് എൽഐസിയുമായി ചേർന്ന് പെൻഷൻ പദ്ധതി നടപ്പിലാക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

PNU TVPM

********************

## സിസ തോമസ്

കേരള സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറായി സിസ തോമസ് ചുമതലയേറ്റു. കെടിയു, ഡിജിറ്റൽ സർവകലാശാല വിസി നിയമനത്തിൽ കഴിഞ്ഞ ദിവസമാണ് ഗവർണറും സർക്കാരും സമവായത്തിൽ എത്തിയത്. ഡിജിറ്റൽ സർവകലാശാല വിസിയായി സജി ഗോപിനാഥനെ നിയമിക്കാനും തീരുമാനമായി. നിയമനകാര്യം സംസ്ഥാന സർക്കാർ സുപ്രിംകോടതിയെ അറിയിക്കും.

കേസ് സുപ്രിംകോടതി വ്യാഴാഴ്ച വീണ്ടും പരിഗണിക്കും.

********************

## മന്ത്രി ആർ ബിന്ദു (ഇൻട്രോ)

ഭിന്നശേഷി സർഗ്ഗോത്സവം അടുത്തമാസം 19 മുതൽ 21 വരെ തിരുവനന്തപുരത്ത് നടക്കുമെന്ന് മന്ത്രി ആർ ബിന്ദു. ഭിന്നശേഷിസമൂഹത്തിൻറെ കഴിവുകൾ ദേശീയശ്രദ്ധയിൽ കൊണ്ടുവരികയാണ് പ്രധാനലക്ഷ്യമെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(വോയിസ് - മന്ത്രി)

********************

## സഹകാർ സാരഥി - കേരള ബാങ്ക്

റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ഉയർന്നുവരുന്ന സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് നബാർഡിന്റെ നേതൃത്വത്തിൽ ആരംഭിച്ച '**സഹകാർ സാരഥി**' യിൽ കേരള ബാങ്ക് അംഗമായി. സഹകാർ സാരഥിയിൽ ബാങ്ക് ഭാഗമാകുന്നതോടെ agri-tech, fin-tech മേഖലകളിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യയും വിദഗ്ധരുടെ സേവനവും ലഭ്യമാകും.

RNU TVPM

********************

## ഐഎഫ്എഫ്കെ

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ആറാം ദിനത്തിൽ പ്രേക്ഷക ശ്രദ്ധ നേടി 72 ചിത്രങ്ങൾ. 11 തീയേറ്ററുകളിലാണ് പ്രദർശനം. ലോക സിനിമ വിഭാഗത്തിൽ 26 ചിത്രങ്ങളും, അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ-6 ഉം മലയാളം സിനിമ ടുഡേ വിഭാഗത്തിൽ 4 ഉം ചിത്രങ്ങൾ വീതം ഇന്ന് പ്രദർശിപ്പിച്ചു.

********************

## വയനാട് -കടുവ(ഇൻട്രോ)

വയനാട് കമ്പളക്കാട് ജനവാസ മേഖലയിൽ ഇറങ്ങിയ കടുവ കാടുകയറിതായി സ്ഥിരീകരണം. പാതിരി

വനമേഖലയിലേക്കാണ് കടുവ കയറിയത്. ആശങ്ക പൂർണമായും ഒഴിവായെന്ന് സൗത്ത് വയനാട് ഡി.എഫ്.ഒ/ അജിത്.കെ.രാമൻ അറിയിച്ചു.

(വോയ്സ് - ഡി.എഫ്.ഒ)

********************

## ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 പരമ്പരയിലെ നാലാം മത്സരം അൽപസമയത്തിനകം ലഖ്നൗവിൽ ആരംഭിക്കും. മഞ്ഞ് വീഴ്ച മൂലം ടോസ് വൈകുകയാണ്. ഏകനാ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ച് മത്സരങ്ങൾ ഉള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം മറ്റന്നാൾ അഹമ്മദാബാദിൽ നടക്കും.

********************

## യങ് ലീഡേഴ്സ് ഡയലോഗ്

യുവജന കാര്യകായിക മന്ത്രാലയം, മേരാ യുവ ഭാരതുമായി ചേർന്ന് സംഘടിപ്പിക്കുന്ന ദേശീയ യുവോത്സവത്തിൻ്റെ ഭാഗമായുള്ള വികസിത ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ മൂന്നാം ഘട്ട മത്സരം ശനിയാഴ്ച തിരുവനന്തപുരത്ത് നടക്കും. വിജയികളാവുന്ന 45 പേർക്ക് അടുത്തമാസം 11,12 തീയതികളിൽ ഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദേശീയ മത്സരത്തിൽ പങ്കെടുക്കാം. വിജയികൾക്ക് വികസിത ഭാരതത്തെ കുറിച്ചുള്ള ആശയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി മുമ്പാകെ അവതരിപ്പിക്കാൻ അവസരം ലഭിക്കും.

********************

## ശബരിമല

ശബരിമലയിൽ ഈ വർഷത്തെ മണ്ഡല - മകരവിളക്ക് തീർഥാടനകാലം ആരംഭിച്ച ശേഷം ഇതുവരെയുള്ള വരുമാനം 210 കോടി രൂപയായതായി ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.

RNUTVPM

ജയകുമാർ. ഇതിൽ 106 കോടി രൂപ അരവണ വിൽപ്പനയിലൂടെയാണ് ലഭിച്ചത്. ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരാൾക്ക് 20 ടിൻ അരവണ നൽകുന്ന തീരുമാനം തുടരും. താമസത്തിന് മുറിയെടുക്കുന്നവർ നൽകുന്ന മുൻകൂർ നിക്ഷേപ തുക തിരികെ നൽകുന്നതിന് പ്രത്യേക കൗണ്ടർ തുറക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു.

********************

## കുചേലദിനം

കുചേലദിനത്തിൽ ഗുരുവായൂർ മഞ്ജുളാൽത്തറയിൽ പുതിയ കുചേല പ്രതിമ സമർപ്പിച്ചു. ദേവസ്വം ചെയർമാൻ വി കെ വിജയൻ പ്രതിമ അനാച്ഛാദനം ചെയ്തു. ആറടി ഉയരത്തിൽ കരിങ്കല്ലിലാണ് പ്രതിമ നിർമിച്ചിരിക്കുന്നത്.

********************

## ശിവഗിരി തീർത്ഥാടനം-അവധി

93-ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ചിറയിൻകീഴ്, വർക്കല താലൂക്ക് പരിധിയിൽ ഈ മാസം 31ന് ജില്ലാ കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. ഈ താലൂക്കുകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ ഓഫീസുകൾക്കും അവധി ബാധകമാണ്. മുൻ നിശ്ചയ പ്രകാരമുള്ള പൊതുപരീക്ഷകൾക്ക് മാറ്റമില്ല. ഈ മാസം 30 മുതൽ ജനുവരി ഒന്ന് വരെയാണ് ശിവഗിരി തീർത്ഥാടനം.

********************

RNU TVPM

## <u>ഭക്ഷ്യസുരക്ഷ വകുപ്പ്</u>

കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തിരുന്ന സ്ഥാപനം ഭക്ഷ്യസുരക്ഷാവകുപ്പ് അടച്ചുപൂട്ടി. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് നടപടി. പയ്യോളി ഐ.പി.സി. റോഡിൽ പ്രവർത്തിച്ചിരുന്ന 'ഷിറിൻ ഫുഡ്സ്" എന്ന സ്ഥാപനമാണ് അടച്ചുപൂട്ടിയത്. കാലാവധി കഴിഞ്ഞതും നിലവാരമില്ലാത്തതുമായ ഭക്ഷ്യവസ്തുക്കൾ പരിശോധനയിൽ കണ്ടെത്തുകയായിരുന്നു.

********************

****************

*********

RNU TVPM